# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 312 — 30.01.2014-ലെ മറുപടിക്ക്

## ഭരണച്ചെലവും ആർഭാടങ്ങളും കുറക്കാൻ നടപടി

**ചോദ്യം**

ശ്രീ. ജി. സുധാകരൻ
ശ്രീ. എ. പ്രദീപ്കുമാർ
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. കെ. സുരേഷ്കുറുപ്പ്

**ഉത്തരം**

ബഹു. മുഖ്യമന്ത്രി
ശ്രീ. ഉമ്മൻ ചാണ്ടി

| | | |
|---|---|---|
| (എ) | ഭരണച്ചെലവും ആർഭാടങ്ങളും കുറക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | വിവിധ ഭരണച്ചെലവുകൾ കുറയ്ക്കുന്നതിനായി, സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ പുതിയ നികുതി-നികുതിയേതര നിർദ്ദേശങ്ങളോടൊപ്പം തന്നെ ചെലവ് ചുരുക്കലിനുള്ള കർശന നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) | ആയതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ; ഇതിനായി നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുന്നുണ്ടോ; | ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഭരണപരവും വിഭവ സംരക്ഷണത്തിനും അധികവിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ അധിക തസ്തികകൾ നിലവിലുണ്ടോ എന്ന് കണ്ടെത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ട സാഹചര്യങ്ങളിൽ കണ്ടെത്തിയ അധിക തസ്തികകളിൽ നിന്നും നിയമനം നടത്താനും ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 08.08.2012 ലെ സ.ഉ. (പി) നം. 441/2012/ധന, സ.ഉ. (പി) നം. 442/2012/ധന എന്നീ ഉത്തരവുകൾ പ്രകാരമാണ് മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.<br><br>ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജിസ്ട്രേഷൻ വകുപ്പ് അടിയന്തിരമായി ഇ-സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി |

| | | |
|---|---|---|
| | | തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്, വിവിധ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാൻ ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളും 05.08.2013 ലെ 382/2013/ധന, 11.10.2013 ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. |
| (സി) | മന്ത്രിമാരുടെയും മന്ത്രിപദവിലുള്ളവരുടെയും എണ്ണത്തിലുണ്ടായ വർദ്ധന ചെലവ് വർദ്ധിപ്പിക്കുകയുണ്ടായോ; ബോർഡുകളുടെയും കോർപ്പറേഷനുകളുടെയും പദവിയും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാനിടയായ സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കാമോ ; | മന്ത്രിമാരുടെയും മന്ത്രിപദവിലുള്ളവരുടെയും എണ്ണത്തിലുണ്ടായ വർദ്ധന, നേരിയതോതിൽ ചെലവ് കൂടാനിടയാക്കിയിട്ടുണ്ടെങ്കിലും ഇത് ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ പ്രതിനിധികൾ സർക്കാരിന് സമർപ്പിച്ച നിവേദനത്തിൽ ചെയർമാൻമാരുടെ ചുമതലകൾ നിർവ്വചിച്ചിട്ടുള്ളത് വിവിധ സർക്കാർ ഉത്തരവുകൾ/ സർക്കുലറുകളിലായി വ്യാപിച്ച് കിടക്കുകയാണെന്നും, ആയതിനാൽ ഇക്കാര്യത്തിൽ സമാഹൃത ഉത്തരവ് പുറപ്പെടുവിക്കണമെന്നും, ചെയർമാൻമാർക്ക് കൂടുതൽ ചുമതലകളും അതോടൊപ്പം കൂടുതൽ ആനുകൂല്യങ്ങളും അനുവദിക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ബഹു. മന്ത്രിസഭ തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻമാരുടെ പദവിയും ചുമതലകളും ആനുകൂല്യങ്ങളും പുനർ നിർണ്ണയിച്ചുകൊണ്ട് 09.09.2013 ൽ സ.ഉ.(എം.എസ്) നം. 45/2013/പ്ലാനിംഗ് പുറപ്പെടുവിച്ചിട്ടുള്ളത് (ഉത്തരവിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു). ഇക്കാര്യത്തിൽ പൊതുഭരണ (ഏകോപന) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 23.07.2013 തീയതിയിലെ സ.ഉ. (എം.എസ്) നം. 221/2013/ജി.എ.ഡി. യുടെ പകർപ്പുകൂടി ഉൾക്കൊള്ളിക്കുന്നു. |
| (ഡി) | മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വിദേശയാത്രകൾ കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ? | മുൻകൂട്ടി തീരുമാനിക്കപ്പെട്ടിട്ടുള്ളതും അംഗീകൃത പ്രോജക്ടുകളുമായി ബന്ധപ്പെട്ടിട്ടുള്ളതും അല്ലാത്ത ഉദ്യോഗസ്ഥരുടെ വിദേശ യാത്രകൾക്ക് 11.10.2013 ലെ സ.ഉ. (പി) നം. 515/2013/ധന ഉത്തരവ് പ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുതാത്പര്യം മുൻനിർത്തിയുള്ള പദ്ധതികളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് മാത്രമാണ് മന്ത്രിമാർ വിദേശയാത്ര നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**